# ക്രിസ്തുവിൽ സ്വതന്ത്രർ

## യോഹന്നാൻ 8:36

**"പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും."**

നാം ആയിരിക്കുന്ന ഈ ലോകത്ത് എല്ലാവരും സ്വാതന്ത്ര്യം ആഗ്രഹിക്കുന്നവരാണ്. എന്നാൽ യഥർഥമായ സ്വാതന്ത്ര്യം എന്താണ് എന്ന് പലർക്കും അറിയില്ല. അത് എവിടെ നിന്നു ലഭിക്കും എന്നും അറിയില്ല. എന്നാൽ വചനം നമ്മെ വ്യക്തമായി ഓർമ്മിപ്പിക്കുന്നു; സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യുമെന്ന്. പുത്രനിലൂടെ ലഭിക്കുന്ന സ്വാതന്ത്ര്യം മാത്രമേ യഥാർഥമായ സ്വാതന്ത്ര്യം ആകൂ.

ഇന്നു നാം പലതരം അടിമത്വങ്ങളിൽ ജീവിക്കുന്നവരാണ്. പാപത്തിന്റെ, രോഗത്തിന്റെ, ശാപത്തിന്റെ, ജഢികാസക്തിയുടെ അങ്ങനെ പലവിധമായ അടിമത്വങ്ങൾ നമ്മെ ഭരിക്കുമ്പോൾ ഇവയിൽ നിന്നും വിടുവിപ്പാൻ അവന് മാത്രമേ സാധിക്കൂ. സ്വന്തബുദ്ധി കൊണ്ടോ, കഴിവുകൊണ്ടോ ആർക്കും അത് സാധ്യമല്ല. യഥാർഥമായ സ്വാതന്ത്ര്യം അനുഭവിക്കണമെങ്കിൽ നാം ദൈവം അയച്ചവനായ ആ പുത്രനിൽ വിശ്വസിക്കണം. അവന്റെ വചനത്തിന് നമ്മിൽ ഇടം കൊടുക്കണം. അപ്പോൾ നമുക്ക് സത്യമായത് തിരിച്ചറിയാൻ സാധിക്കും. അവന്റെ പ്രകാശം നമ്മുടെമേൽ ഉദിക്കുമ്പോൾ നാമും പ്രകാശിതരാവും. അവന്റെ വചനം പ്രമാണിക്കുന്നവൻ അടിമത്വത്തിൽ നശിച്ചു പോവാൻ ഇടയാവുകയില്ല. അതു കൊണ്ട് ഈ ലോകം നൽകുന്ന സ്വാതന്ത്ര്യമല്ല യഥാർഥമായ സ്വാതന്ത്ര്യം എന്ന് തിരിച്ചറിഞ്ഞുകൊണ്ട്, സത്യമായതിനെ മുറുകെ പിടിച്ച് സത്യത്തിൽ ജീവിക്കാനും നിത്യതയോളം എത്തുവാനും തക്കവണ്ണം കൃപ തരേണമേ എന്ന് പ്രാർത്ഥിക്കാം.

**പരാമർശം :**

യോഹന്നാൻ 3:36

പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ടു; പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല. ദൈവക്രോധം അവന്റെ മേൽ വസിക്കുന്നതേയുള്ളൂ.

**സിസ്റ്റർ. നിനു ബിനു ബേബി ആലപ്പുഴ 033**